# അക്ഷരത്താളുകൾ



CCM HSS KARIKKATTOOR

# എഡിറ്റോറിയൽ ബോർഡ്



എബി ഡൊമിനിക്ക് ആനന്ദ്

ജെനു ജേക്കബ്

ദേവജിത്ത് പി ഗോപൻ

ആർദ്ര മരിയ ടോണി

ആദിത്യൻ പിള്ള

ഡോണൽ ബോസി

അഖിൽ ബെന്നി

അജോ ജോസഫ്

മരിയ കെ എം

അന്ന ബാബു

# ഉള്ളടക്കം


*കേരളം........................................................ 4*

*കേരളത്തിലെ ജില്ലകളുടെ പട്ടിക...................... 7*

*മലയാളം..................................................... 8*

*പ്രമുഖ സാഹിത്യകാരൻമാർ............................. 9*

*ഭൂമി.............................................................. 12*

*അതിരപ്പള്ളിവെള്ളച്ചാട്ടം................................. 14*

*വനദിനാചരണങ്ങൾ........................................ 16*

*റിപ്പബ്ലിക് ദിനം ............................................... 17*

*പൗരത്വ ഭേദഗതി ആക്റ്റ്, 2019......................... 17*

*കഥകളും കവിതകളും....................................... 18*

# കേരളം

ഇന്ത്യയുടെ തെക്കുപടിഞ്ഞാറെ അറ്റത്തുള്ള സംസ്ഥാനമാണ് **കേരളം.** കിഴക്ക് തമിഴ്നാട്, വടക്ക് കർണാടകം എന്നീ സംസ്ഥാനങ്ങളും പടിഞ്ഞാറ് അറബിക്കടലുമാണ് 11 മുതൽ 121 കിലോ മീറ്റർ വരെ വീതിയും 580 കിലോ മീറ്റർ നീളവുമുള്ള കേരളത്തിന്റെ അതിർത്തികൾ. മലയാളഭാഷ സംസാരിക്കുന്ന ജനങ്ങൾ താമസിക്കുന്ന (ഇന്നത്തെ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയും, തിരുനെൽവേലി ജില്ലയിലെ ചെങ്കോട്ട താലൂക്കിൻറെ കിഴക്കെ ഭാഗവും തെങ്കാശി താലൂക്കും ഒഴികെ) തിരുവിതാംകൂർ, പണ്ടത്തെ കൊച്ചി, പഴയ മദിരാശി സംസ്ഥാനത്തിലെ ഗൂഡല്ലൂർ താലൂക്ക്, ടോപ് സ്ലിപ്, ആനക്കെട്ടിക്ക് കിഴക്കുള്ള അട്ടപ്പാടി വനങ്ങൾ (ഇപ്പോൾ നീലഗിരി ജില്ല, കോയമ്പത്തൂർ ജില്ലയുടെ ഭാഗങ്ങൾ) ഒഴികെയുള്ള മലബാർ ജില്ല,അതേ സംസ്ഥാനത്തിലെ ദക്ഷിണ കന്നഡ ജില്ലയിലെ തുളുനാട് ഉൾപ്പെടുന്ന കാസർഗോഡ് താലൂക്ക് (ഇപ്പോൾ കാസർഗോഡ് ജില്ല) എന്നീ പ്രദേശങ്ങൾ ചേർത്ത് 1956-ലാണ് ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപവത്കരിച്ചത്.

44 നദികളാണ് കേരളത്തിലുള്ളത് അവയിൽ 41 ഉം പടിഞ്ഞാറോട്ടൊഴുകുന്നു. മൂന്നെണ്ണം കിഴക്കോട്ടൊഴുകി കാവേരിയിൽ ചേരുന്നു. 15 കിലോമീറ്ററിനു മേലെ നീളമുള്ളവയെയാണ് നദികൾ എന്നു വിളിക്കുന്നത്, അതിനു താഴെ നിരവധിയുണ്ടെങ്കിലും അവയെ നദികളുടെ ഗണത്തിൽ പെടുത്തിയിട്ടില്ല. കേരളത്തിലെ മിക്ക നദികളും ഒരേ ദിശയിൽ ഒഴുകുന്നു. കേരളത്തിലെ നദികൾ മറ്റു

സംസ്ഥാനങ്ങളിലേതിനോടപേക്ഷിച്ച് വളരെ ചെറുതാണ്. കേരളത്തിലെ ഏറ്റവും വലിയ നദി പെരിയാർ ആണ്.

## കലാരൂപങ്ങൾ

യുനെസ്കോ പൈതൃക കലാരൂപമായി അംഗീകരിച്ച കൂടിയാട്ടം കേരളത്തിലെ പ്രാദേശിക കലാരൂപങ്ങളിൽപ്പെട്ടതാണ്. പുരാണ ഇതിഹാസങ്ങളെ ഇതിവൃത്തമാക്കിയിട്ടുള്ള നൃത്ത – നാടക കലാരൂപമാണ് കഥകളി. കഥകളിയുടെ പ്രശസ്തമായ മറ്റൊരു രൂപമാണ് കേരള നടനം.കൂത്ത്, മോഹിനിയാട്ടം, തുള്ളൽ, തിറയാട്ടം, പടയണി, തെയ്യം തുടങ്ങിയവയും കേരളത്തിലെ കലാരൂപങ്ങളാണ്. തിറയാട്ടം എന്നത് കേരളത്തിലെ ഏറ്റവും മികച്ച നാടോടി കലാരൂപങ്ങളിൽ ഒന്നാണ്. ഓണക്കാലത്ത് ദക്ഷിണമലബാറിൽ കാണുന്ന കലാരൂപമാണ് കുമ്മാട്ടിക്കളി. ഒപ്പന എന്നത് കേരളത്തിലെ ഇസ്ലാം സമൂഹത്തിൻറെ കലാരൂപമാണ്. തിരുവാതിരക്കളി ഹിന്ദു സമൂഹത്തിൻറെ കലാരൂപമാണ്. കേരളത്തിലെ സെൻ്റ് തോമസ് ക്രിസ്ത്യാനികളുടെ പ്രാചീനമായ കലാരൂപമാണ് മാർഗംകളി.

## സംഗീതം

ദക്ഷിണേന്ത്യൻ സംഗീത രംഗത്തെ താളങ്ങളും രാഗങ്ങളും കൊണ്ട് പ്രബലമായ കർണാടക സംഗീതം കേരളത്തിലെ സംഗീത രംഗത്തും പ്രബലമാണ്. പത്തൊൻപതാം നൂറ്റാണ്ടിലെ തിരുവിതാംകൂർ രാജാവും സംഗീതക്ഞ്ജനുമായ സ്വാതിതിരുനാൾ രാമവർമ്മയാണ് കേരളത്തിൽ കർണാടക സംഗീതം ജനപ്രിയമാക്കിയത്. മാത്രമല്ല കേരളത്തിനു സോപാനം എന്ന സ്വന്തമായ സംഗീത രൂപവുമുണ്ട്. ചെണ്ട ഉപയോഗിക്കുന്ന മേളവും കേരളത്തിൻറെ പരമ്പരാഗത സംഗീതത്തിൽ ഉൾപ്പെടുന്നു. സിനിമാ സംഗീത രംഗത്തും കേരളത്തിൽ വലിയ വെരോട്ടമുണ്ട്. കെ. ജെ. യേശുദാസ് ആണ് മലയാളത്തിലെ ഏറ്റവും പ്രശസ്തരായ പാട്ടുകാരിൽ ഒരാൾ.

## സാഹിത്യം

മലയാളം സാഹിത്യം വളരെ പ്രാചീനമാണ്, പതിനാലാം നൂറ്റാണ്ടിലെ കവികളായ മാധവ പണിക്കർ, ശങ്കര പണിക്കർ, രാമ പണിക്കർ എന്നിവരുടെ കവിതകളാണ് ആധുനിക മലയാളത്തിൻറെ തുടക്കമായി കണക്കാക്കുന്നത്. മലയാള ഭാഷയുടെ പിതാവായി കണക്കാക്കുന്ന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനാണ കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപക്ഞ്ജാതാവ്. കവിത്രയങ്ങളായ കുമാരനാശാൻ, വള്ളത്തോൾ നാരായണ മേനോൻ, ഉള്ളൂർ എസ് പരമേശ്വര അയ്യർ എന്നിവരാണ് വേദാന്തങ്ങൾ മാത്രമായിരുന്ന മലയാള സാഹിത്യത്തെ പുതിയ മേഖലകളിലേക്ക് കൊണ്ടുവന്നത്.

ചങ്ങമ്പുഴ, ചെറുശ്ശേരി, ഇടപ്പളി രാഘവൻപിള്ള എന്നീ കവികളും മലയാള സാഹിത്യത്തെ സാധാരണക്കാരിലേക്ക് എത്തിച്ചു. പിന്നീട് ബുക്കർ പ്രൈസ് വിജയിയായ അരുന്ധതി റോയിയെ

പോലെയുള്ളവർ മലയാള സാഹിത്യത്തെ അന്താരാഷ്ട്ര തലത്തിൽ എത്തിച്ചു. മലയാളി നോവലിസ്റ്റുകളും കഥാകൃത്തുകളും മലയാള സാഹിത്യത്തിനു വലിയ സംഭാവനകൾ നൽകി. തകഴി ശിവശങ്കരപ്പിള്ള, പി. കേശവദേവ്, ഉറൂബ്, ഒവി വിജയൻ, ടി പദ്മനാഭൻ, സേതു, പെരുമ്പടവം ശ്രീധരൻ, കോവിലൻ, എം. മുകുന്ദൻ, കാക്കനാടൻ, ആനന്ദ്, വൈക്കം മുഹമ്മദ് ബഷീർ, പോൾ സക്കറിയ എന്നിവരുടെ സംഭാവനകൾ അമൂല്യമാണ്.

# ഓണം

ഓണം മലയാളികളുടെ സംസ്ഥാനോൽസവമാണ്. ലോകത്തിൻറെ നാനാഭാഗത്തുമുള്ള മലയാളികൾ ജാതിമത ഭേദമന്യേ ഈ ഉത്സവം ആഘോഷിക്കുന്നു.

ഓണം സംബന്ധിച്ച് പല ഐതിഹ്യങ്ങളും ചരിത്രരേഖകളും നിലവിലുണ്ടെങ്കിലും ഓണം ആത്യന്തികമായി ഒരു വിളവെടുപ്പു അഥവാ വ്യാപാരോത്സവമാണെന്ന് കരുതിപ്പോരുന്നു. കേരളത്തിൽ ഓണം തമിഴ്നാട്ടിൽ നിന്നും സംക്രമിച്ചതാണെന്നാണ് വിദഗ്ധമതം. എല്ലായിടത്തും അത് ക്ഷേത്രോത്സവമായിട്ടായിരുന്നു തുടങ്ങിയതെങ്കിലും പിന്നീട് അത് ഗാർഹികോത്സവമായി മാറി.

ചിങ്ങമാസത്തിലെ അത്തം നക്ഷത്രം മുതൽ തുടങ്ങുന്ന ഓണാഘോഷം തിരുവോണം നാളിൽ പ്രാധാന്യത്തോടെ ആഘോഷിക്കുകയും ചതയം നാൾ വരെ നീണ്ടു നിൽക്കുകയും ചെയ്യുന്നു. തൃക്കാക്കരയാണ് ഓണത്തപ്പൻറെ ആസ്ഥാനം. അവിടെയാണ് ആദ്യമായി ഓണാഘോഷം നടത്തിയത് എന്നാണ് ഐതിഹ്യമെങ്കിലും അതിനേക്കാൾ വളരെ മുൻപേ തന്നെ തമിഴ്നാട്ടിലും മറ്റും ഓണാഘോഷം നടന്നിട്ടുള്ളതായി സംഘ കൃതികൾ വെളിപ്പെടുത്തുന്നു. സംഘകാലകൃതിയായ 'മധുരൈകാഞ്ചി'യിലാണ് ഓണത്തെക്കുറിച്ചുള്ള (ഇന്ദ്രവിഴാ) ആദ്യപരാമർശങ്ങൾ കാണുന്നത്. കാലവർഷം കഴിഞ്ഞ് മാനം തെളിയുന്ന ഈ കാലത്താണ് വിദേശകപ്പലുകൾ പണ്ട് സുഗന്ധദ്രവ്യ വ്യാപാരത്തിനായി കേരളത്തിൽ കൂടുതലായി അടുത്തിരുന്നത്. അങ്ങനെ സ്വർണ്ണം കൊണ്ടുവരുന്ന ഈ മാസത്തെ പൊന്നിൻ ചിങ്ങമാസമെന്നും ഓണത്തെ പൊന്നോണമെന്നും വിളിക്കാനുള്ള കാരണമതാണ്. കേരളത്തിൽ വിളവെടുപ്പിനേക്കാൾ അതിൻറെ വ്യാപാരത്തിനായിരുന്നു പ്രാധാന്യം എന്നതാണ് ഇന്ദ്രവിഴയും ഓണവും തമ്മിൽ ഉണ്ടായ വ്യത്യാസത്തിനു കാരണം.

# രാഷ്ട്രീയം

കേരളത്തിലെ ജനങ്ങൾ രാഷ്ട്രീയത്തിൽ വളരെ താൽപര്യമുള്ളവരാണ്. ഭൂരിപക്ഷം മലയാളികളും കേരളത്തിലെ രാഷ്ട്രീയ മുന്നണികളായ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയോ (എൽഡിഎഫ്) ഐക്യ ജനാധിപത്യ മുന്നണിയുടെയോ (യുഡിഎഫ്) അണികളാണ്. ബിജെപിയും കേരളത്തിൽ ഉണ്ട്. ദേശീയ പാർട്ടിയായ സിപിഐഎം ആണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേതൃതം നൽകുന്നത്. മറ്റൊരു ദേശീയ പാർട്ടിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആണ് ഐക്യ ജനാധിപത്യ മുന്നണിക്ക് നേതൃതം

നൽകുന്നത്. സിപിഐ, കേരള കോൺഗ്രസ്, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്, ജനതാദൾ പാർട്ടികൾ, ആർഎസ്പി എന്നിവയാണ് കേരളത്തിലെ മറ്റു പ്രമുഖ രാഷ്ട്രീയ പാർട്ടികൾ.

## കേരളത്തിലെ ജില്ലകളുടെ പട്ടിക

കേരളത്തിലെ പതിനാല് ജില്ലകൾ ആണ് ഉള്ളത്. അത് താഴെ പറയുന്നവ ആണ്

1. കാസർഗോഡ്
2. കണ്ണൂർ
3. വയനാട്
4. കോഴിക്കോട്
5. മലപ്പുറം
6. പാലക്കാട്
7. തൃശ്ശൂർ
8. എറണാകുളം
9. ഇടുക്കി
10. കോട്ടയം
11. ആലപ്പുഴ
12. പത്തനംതിട്ട
13. കൊല്ലം
14. തിരുവനന്തപുരം

# മലയാളം

ഇന്ത്യയിൽ പ്രധാനമായും കേരള സംസ്ഥാനത്തിലും ലക്ഷദ്വീപിലും പുതുച്ചേരിയുടെ ഭാഗമായ മയ്യഴിയിലും സംസാരിക്കപ്പെടുന്ന ഭാഷയാണ് **മലയാളം**. ഇതു ദ്രാവിഡ ഭാഷാ കുടുംബത്തിൽപ്പെടുന്നു. ഇന്ത്യയിൽ **ശ്രേഷ്ഠഭാഷാ പദവി** ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം

2013 മേയ് 23-നു ചേർന്ന കേന്ദ്രമന്ത്രിസഭായോഗമാണ് മലയാളത്തെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചത്

ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് *മലയാളം*[6]. മലയാള ഭാഷ *കൈരളി*, മലനാട്ട് ഭാഷ എന്നും അറിയപ്പെടുന്നു. കേരള സംസ്ഥാനത്തിലെ ഭരണഭാഷയും കൂടിയാണ് മലയാളം. കേരളത്തിനും ലക്ഷദ്വീപിനും പുറമേ തമിഴ്നാട്ടിലെ ചില ഭാഗങ്ങളിലും കിച്ച്ൾ കന്യാകുമാരി ജില്ല,

നീലഗിരി ജില്ല മലയാളംകർണാടകയുടെ ദക്ഷിണ കന്നഡ ജില്ലല്ല, കൊടഗ് ഭാഗങ്ങളിലും ഗൾഫ് രാജ്യങ്ങൾ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലെ കേരളീയ പൈതൃകമുള്ള അനേകം ജനങ്ങളും മലയാളം ഉപയോഗിച്ചുപോരുന്നു. ദേശീയ ഭാഷയായി ഉൾപ്പെടുത്തിയത് മറ്റ് 21 ഭാഷകളുടേതു പോലെ തനതായ വ്യക്തിത്വം ഉള്ളതിനാലാണ്. മലയാള ഭാഷയുടെ ഉല്പത്തിയും പ്രാചീനതയും സംബന്ധിച്ച കാര്യങ്ങൾ ഇന്നും അവ്യക്തമാണ്. പഴയ തമിഴ് (കൊടുംതമിഴ്) ആണ് മലയാളത്തിന്റെ ആദ്യ രൂപം എന്നു കരുതുന്നു. യു. എ. ഇ.-യിലെ നാലു ഔദ്യോഗിക ഭാഷകളിൽ ഒന്നു മലയാളം ആണ്.[*അവലംബം ആവശ്യമാണ്*]

മലയാളം സംസാരിക്കുന്ന ജനവിഭാഗത്തിനെ പൊതുവായി മലബാറികൾ മലയാളികൾ എന്നു വിളിക്കുമ്പോഴും, ഭാഷയുടെ കേരളീയപാരമ്പര്യം പരിഗണിച്ച് കേരളീയർ എന്നും വിളിച്ചു പോരുന്നു. ലോകത്താകമാനം 3.75 കോടി ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നുണ്ട്.

മലയാള ഭാഷ സംസ്കൃതത്തിൽ നിന്ന് ഉദ്ഭവിച്ചതാണെന്നും അതല്ല സംസ്കൃതവും തമിഴും കൂടിക്കലർന്ന ഒരു മിശ്രഭാഷയാണെന്നും ആദ്യകാലങ്ങളിൽ വിശ്വസിച്ചിരുന്നു. എന്നാൽ ഗവേഷണങ്ങൾ ഇതിനെയെല്ലാം നിരാകരിക്കുകയും "മലയാളം മലനാട്ടു തമിഴിൽ നിന്ന് ഉദ്ഭവിച്ചു" എന്നും "മലയാളം മൂല ദ്രാവിഡ ഭാഷയിൽ നിന്ന് തമിഴിനൊപ്പം ഉണ്ടായി" എന്നുമുള്ള രണ്ട് സിദ്ധാന്തങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഒരു സ്വതന്ത്രഭാഷ എന്ന നിലയിൽ മലയാളത്തിന്

നാനൂറോളം വർഷങ്ങളുടെ പഴക്കം അനുമാനിക്കപ്പെടുന്നു. ആദിദ്രാവിഡ ഭാഷയിൽ നിന്ന് പരിണമിച്ചു വന്നതാകാം മലയാളം. മൂലഭാഷയിലെ പല പ്രയോഗങ്ങളും ഇന്നും മലയാളത്തിൽ പ്രചാരത്തിലുണ്ട്. മലയാള ഭാഷയിലെ ഈ പ്രയോഗങ്ങളുടെ പഴക്കം തെളിയിക്കുന്നതിൽ സുപ്രധാനമാണ് തമിഴ്നാട്ടിലെ തേനി ജില്ലയിലെ പുളിമാങ്കൊമ്പിൽ നിന്നു ലഭിച്ച ബിസി രണ്ടാം നൂറ്റാണ്ടിലെ വീരക്കൽ ലിഖിതം. ഈ ലിഖിതത്തിലെ "കുടല്ലൂർ ആ കോൾ പെടു തീയൻ അന്തവൻ കൽ" എന്ന വാക്യത്തിലെ പെടു ധാതു മലയാളമാണ്. നശിച്ചുവീഴുക, മരണപ്പെടുക തുടങ്ങിയ അർഥങ്ങൾ പെടു എന്ന ധാതുവിനുണ്ട്. കുടല്ലൂരിലെ കന്നുകാലി കവർച്ചാശ്രമത്തിൽ മരിച്ചുവീണ തീയൻ അന്തവന്റെ സ്മാരകമായിട്ടുള്ള വീരക്കൽ എന്നാണ് ഈ വാചകത്തിന്റെ അർഥം. 2,100 വർഷം പഴക്കമുള്ള വീരക്കൽ ലിഖിതത്തിൽ കാണുന്ന വ്യാകരണ സവിശേഷതകൾ ഇന്ന് മലയാളത്തിൽ മാത്രമാണ് അവശേഷിക്കുന്നത്.

# പ്രമുഖ സാഹിത്യകാരൻമാർ

## നിത്യചൈതന്യയതി

പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു. തത്ത്വചിന്തകൻ,എഴുത്തുകാരൻ എന്നീ നിലകളിൽ വ്യക്തിമുദ്രപതിപ്പിച്ചു.മനശ്ശാസ്ത്രം ജീവിതത്തിൽ

,യതിചര്യ,മൂല്യങ്ങളുടെ കുഴിമറച്ചിൽ,നളിനി എന്ന കാവ്യശിൽപ്പം,സമ്യക്കായ ലോകവീക്ഷണം,എൻെ്റ മനസ്സിലെ ഗാന്ധി,പ്രേമവും ഭക്തിയും തുടങ്ങി നൂറിലേറെ മലയാളക്രൃതികൾ രചിച്ചിട്ടുണ്ട്. [Neither this nor that] തുടങ്ങി അൻപത്തിയെട്ടോളം ഇംഗ്ലീഷ് ക്രൃതികളും രചിച്ചു.കേരള സാഹിത്യഅക്കാദമി അവാർഡ് ലഭിച്ചു.

# വൈക്കം മുഹമ്മദ് ബഷീർ

1908 ജനവരി 21[2] ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ളീഷ് സ്കൂളിലും.

രസകരവും സാഹസികവുമായിരുന്ന ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5-ാം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീടു കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു.

അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം

# കുമാരനാശാൻ

1873 ഏപ്രിൽ 12-ന് ചിറയിൻകീഴ് താലൂക്കിൽ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ കായിക്കര ഗ്രാമത്തിലെ തൊമ്മൻവിളാകം വീട്ടിലാണ് ആശാൻ ജനിച്ചത്. അച്ഛൻ നാരായണൻ പെരുങ്ങാടി മലയാളത്തിലും തമിഴിലും നിപുണനായിരുന്നു.അദ്ദേഹം ഈഴവസമുദായത്തിലെ ഒരു പ്രമുഖനായിരുന്നു. പ്രധാന തൊഴിൽ കച്ചവടമായിരുന്നുവെങ്കിലും അദ്ദേഹം നാട്ടുകാര്യങ്ങളിലും ശ്രദ്ധ പതിപ്പിക്കുകയും മലയാളത്തിൽ കീർത്തനങ്ങൾ രചിക്കുകയും അവ മനോഹരമായി ആലപിക്കുകയും ചെയ്യുമായിരുന്നു. അമ്മ കാളിയമ്മ തികഞ്ഞൊരു ഈശ്വരഭക്തയായ കുടുംബിനിയായിരുന്നു. പുരാണേതിഹാസങ്ങളിലൊക്കെ അവർക്ക് തികഞ്ഞ അവഗാഹമുണ്ടായിരുന്നു. ചെറുപ്പത്തിൽ വല്ലാത്ത കുസൃതിയായിരുന്നു കുമാരു. കുമാരുവിനെ അടക്കി നിർത്താൻ അമ്മയുടെ പൊടിക്കൈയായിരുന്നു പുരാണകഥ പറയൽ. അച്ഛൻ ആലപിക്കുന്ന കീർത്തനങ്ങൾ കേട്ട് കുമാരു ലയിച്ചിരിക്കുമായിരുന്നു. അച്ഛനെ പോലെ വലുതാകുമ്പോൾ താനും കവിതകൾ എഴുതുമെന്ന് കൊച്ചു കുമാരു പറയുമായിരുന്നു. ഒമ്പതു മക്കളുള്ള കുടുംബത്തിലെ രണ്ടാമത്തെ മകനായിരുന്നു കുമാരൻ. കുമാരുവിനു കഥകളിയിലും ശാസ്ത്രീയ സംഗീതത്തിലും ഉള്ള താല്പര്യം അച്ഛനിൽ നിന്നു ലഭിച്ചതാണ്. കുമാരുവിനു ബാല്യകാലത്ത് പലവിധ അസുഖങ്ങൾ വന്ന് കിടപ്പിലാവുക പതിവായിരുന്നു. അങ്ങനെ ഇരിക്കെ കുമാരന്റെ പതിനെട്ടാമത്തെ വയസ്സിൽ അസുഖം ബാധിച്ച് കിടപ്പിലായിരുന്ന അവസരത്തിൽ , കുമാരുവിന്റെ അച്ഛന്റെ ക്ഷണപ്രകാരം, ശ്രീനാരായണഗുരു വീട്ടിൽ വരുകയും കുമാരുവിനെ കൂട്ടികൊണ്ട് പോവുകയും ചെയ്തു. ഗോവിന്ദൻ ആശാന്റെ കീഴിൽ യോഗയും താന്ത്രികവും ആഭ്യസിച്ച് വക്കത്തുള്ള ഒരു മുരുകൻ ക്ഷേത്രത്തിൽ കഴിയുമ്പോൾ കുമാരുവിനു കവിത എഴുത്ത് ഒരു കമ്പം ആയി രൂപപ്പെട്ടിരുന്നു. അന്നത്തെ പതിവനുസരിച്ച് 7 വയസ്സായപ്പോൾ കുമാരുവിനെ കുട്ടിപ്പള്ളിക്കൂടത്തിൽ

ചേർത്തു. പ്രഥമ ഗുരു തുണ്ടത്തിൽ പെരുമാളാശാനായിരുന്നു. സമർത്ഥനായ കുമാരു വേഗം തന്നെ എഴുത്തും കണക്കും പഠിച്ചു. എട്ടു വയസ്സായപ്പോൾ സംസ്കൃത പഠനം ആരംഭിച്ചു. ഇതിനിടയിൽ കുമാരുവിന്റെ അച്ഛന്റെയും മറ്റും പ്രയത്നത്താൽ അവിടെയൊരു പ്രൈമറി സ്കൂൾ സ്ഥാപിച്ചശ്രീനാരായണഗുരുവുമായി പരിചയപ്പെട്ടത് ആശാന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. ഒരിക്കൽ കുമാരൻ സുഖമില്ലാതെ കിടന്ന അവസരത്തിൽ അച്ഛൻ അഞ്ചുതെങ്ങ് ശ്രീ ജ്ഞാനേശ്വര ക്ഷേത്രത്തിൽ വിശ്രമിയ്ക്കുകയായിരുന്ന ശ്രീനാരായണഗുരുവിനെ അഞ്ചുതെങ്ങ് കായിക്കരയിലെ വീട്ടിൽ വിളിച്ചു കൊണ്ടുവന്നു. ആദ്യ കാഴ്ചയിൽ തന്നെ ആ മഹായോഗിയും കുമാരുവും പരസ്പരം വ്യാഖ്യാനിക്കാൻ കഴിയാത്തൊരു ആത്മീയബന്ധത്താൽ ആകൃഷ്ടരായി. കുമാരുവിന്റെ സ്തോത്രകവിതകൾ ഗുരുവിനെ അത്യധികം ആകർഷിച്ചു. ശൃംഗാരകവിതകളുടെ രചനകളിൽ ഇനി മുഴുകരുതെന്ന് ഗുരു കുമാരുവിനെ ഉപദേശിച്ചു. ജീവിതകാലം മുഴുവൻ നീണ്ടുനിന്നൊരു സുദൃഢമായ ബന്ധത്തിന്റെ തുടക്കമായിരുന്നു അത്. ശ്രീനാരായണഗുരുദേവൻ തന്നെ ശിഷ്യനെ ഉപരിപഠനത്തിനയക്കാൻ തീരുമാനിച്ചു. അതിനായി ബാംഗളൂരിൽ ജോലി നോക്കിയിരുന്ന ഡോ. പല്പുവിനെ ചുമതലപ്പെടുത്തി. ഇരുപത്തിനാലാമത്തെ വയസ്സിൽ ഉന്നത വിദ്യാഭ്യാസത്തിനായി ബാംഗ്ലൂർക്ക് പോയി (ശ്രീ ചാമരാജേന്ദ്ര സംസ്കൃത കോളെജ് - ഈ വിദ്യാലയം ഇപ്പോഴും ബാംഗ്ളൂരിൽ ഉണ്ട്.

# ഭൂമി

സൂര്യനെ ചുറ്റുന്ന എട്ട് ഗ്രഹങ്ങളിൽ സൂര്യനിൽനിന്നും മൂന്നാമതായി സ്ഥിതിചെയ്യുന്ന ഗ്രഹമാണ് ഭൂമി. ലോകം എന്നു നാം വിവക്ഷിക്കുന്നതും ലാറ്റിൻ ഭാഷയിൽ ടെറ എന്നറിയപ്പെടുന്നതും ഭൂമിയെയാണ്. ഗ്രഹങ്ങളിൽ വലിപ്പത്തിൽ അഞ്ചാം സ്ഥാനമാണ് ഭൂമിക്ക്. കൂടാതെ സൗരയൂഥത്തിലെ ഏറ്റവും സാന്ദ്രത കൂടിയ ഗ്രഹവുമാണിത്. 71% ഉം വെള്ളത്താൽ ചുറ്റപ്പെട്ട ഗ്രഹമായതിനാൽ ഗഗനഗഹനതകളിൽനിന്ന് കാണുമ്പോൾ ഭൂമിയുടെ നിറം നീലയായി കാണപ്പെടുന്നതുകൊണ്ട് ഇതിനെ നീലഗ്രഹം എന്നും വിശേഷിപ്പിക്കാറുണ്ട്. ലോഹങ്ങളും പാറകളും കൊണ്ട് രൂപപ്പെട്ടിരിക്കുന്ന ഗ്രഹങ്ങളുടെ (Terrestrial

Planets) ഗണത്തിലാണ് ഭൂമി ഉൾപ്പെടുന്നത്. ഭൂമിയുടെ പ്രായം 454 കോടി വർഷമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

പ്രപഞ്ചത്തിൽ ജീവൻ നിലനിൽക്കുന്നതായി അറിയുന്ന ഏകയിടം ഭൂമി മാത്രമാണ്. മനുഷ്യനുൾപ്പെടെ അനേകായിരം ജീവിവർഗങ്ങൾ ഭൂമിയിൽ ജീവിക്കുന്നുണ്ട്. ഇതിന്റെ ഉപരിതലത്തിൽ ജീവൻ പ്രത്യക്ഷമായത് കഴിഞ്ഞ നൂറുകോടി വർഷങ്ങൾക്കുള്ളിലാണെന്നും അറിയാൻ സാധിച്ചിട്ടുണ്ട്. ജീവൻ രൂപപ്പെട്ടതുമുതൽ ഭൂമിയിലെ ജൈവമണ്ഡലം ഭൗമാന്തരീക്ഷത്തിലും ഇവിടത്തെ അജൈവവ്യവസ്ഥയിലും വലിയ മാറ്റങ്ങൾക്കു കാരണമായിട്ടുണ്ട്. എയറോബിക് ജീവികളുടെ പെട്ടെന്നുള്ള വർദ്ധനയും ഓസോൺ പാളിയുടെ രൂപപ്പെടലും ഇതിൽപ്പെടുന്നു. ഈ ഓസോൺ പാളിയും ഭൂമിയുടെ കാന്തമണ്ഡലവും ചേർന്ന് പുറത്തുനിന്നും വരുന്ന ഹാനികരമായ കിരണങ്ങളെ തടയുകയും ഭൂമിയിലെ ജീവന്റെ നിലനിൽപ്പിനെ സഹായിക്കുകയും ചെയ്യുന്നു. ഭൂമിയുടെ ഭൗതികഗുണങ്ങളും അതിന്റെ ഭൂമിശാസ്ത്രപരമായ ചരിത്രവും സൂര്യനുചുറ്റുമുള്ള പരിക്രമണവും ഇക്കാലം വരെയുള്ള ജീവന്റെ നിലനിൽപ്പിനെ സഹായിച്ചു. അടുത്ത 150 കോടി വർഷത്തേക്കു കൂടി ഭൂമിയിൽ ജീവന് സ്വാഭാവികമായ നിലനിൽപ്പ് സാധ്യമാണെന്ന് ശാസ്ത്രലോകം കരുതുന്നു. സൂര്യന്റെ വർദ്ധിച്ചുവരുന്ന തിളക്കം അന്ന് ജൈവമണ്ഡലത്തെ നശിപ്പിക്കുമെന്നതിനാൽ ഈ കാലയളവിനുശേഷം ഭൂമിയിൽ ജീവൻ അവസാനിക്കുമെന്ന് കരുതുന്നു.

# അതിരപ്പള്ളി വെള്ളച്ചാട്ടം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ അതിരപ്പള്ളി പഞ്ചായത്തിലാണ് അതിരപ്പള്ളി വെള്ളച്ചാട്ടം സ്ഥിതിചെയ്യുന്നത്.ചാലക്കുടി പുഴയുടെ പടിഞ്ഞാറ് ഭാഗത്ത് നിന്ന് ഉത്ഭവിക്കുന്ന ചാലക്കുടി പുഴയാണ് ചാലക്കുടി പുഴ.ചാലക്കുടി പുഴയുടെ പ്രവേശന കവാടമാണ് ഇത്. കേരളത്തിലെ ഏറ്റവും വലിയ വെള്ളച്ചാട്ടമാണിത്. 80 അടി ഉയരം ഉണ്ട്



അതിരപ്പള്ളി വെള്ളച്ചാട്ടത്തിൽ നിന്നും വാഴച്ചാൽ വെള്ളച്ചാട്ടത്തിലേക്കുള്ള വഴിയിൽ മറ്റൊരു വെള്ളച്ചാട്ടം റോഡിനരികിലായി സ്ഥിതി ചെയ്യുന്നു. പ്രാദേശികമായി ചാർപ്പ വെള്ളച്ചാട്ടം എന്നാണ് ഇത് അറിയപ്പെടുന്നത്.

കേരളത്തിലെ ഏറ്റവും വലിയ വെള്ളച്ചാട്ടമാണ് അതിരപ്പള്ളി വെള്ളച്ചാട്ടം. “ദി നയാഗ്ര ഓഫ് ഇന്ത്യ” എന്നാണ് ഇതിന്റെ പേര്.ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ ഏറ്റവും അകലെയുള്ള അതിരപ്പിള്ളി വെള്ളച്ചാട്ടം 30 കിലോമീറ്ററാണ് (19 മൈൽ), ഏറ്റവും അടുത്തുള്ള വിമാനത്താവളം കൊച്ചി ഇന്റർനാഷണൽ

എയർപോർട്ടാണ്, വെള്ളച്ചാട്ടത്തിന്റെ തെക്ക് പടിഞ്ഞാറായി 55 കിലോമീറ്റർ (34 മൈൽ), തെക്ക് തൃശ്ശൂർ നഗരം. ചാലക്കുടിയിൽ നിന്ന് ടാക്സി വഴിയോ ചാലക്കുടി സ്വകാര്യ ബസ് ടെർമിനലിൽ നിന്നോ അതിരപ്പള്ളിയിൽ എത്തിച്ചേരാം. തമിഴ്നാട്ടിലും കേരളത്തിലും ഉള്ള ഹൈവേകളിലാണ് അതിരപ്പള്ളി സ്ഥിതിചെയ്യുന്നത്. കനത്ത ഫോറസ്റ്റിന് സമീപമാണ് ഇത്.ചാലക്കുടി മുതൽ അതിരപ്പള്ളി വെള്ളച്ചാട്ടം വരെയുള്ള യാത്രക്ക് ചുറ്റുമുള്ള റോഡുകൾ, ചെറുഗ്രാമങ്ങൾ,എന്നിവയാണ് മനോഹരമായ കാഴ്ച്ചകൾ സമ്മാനിക്കുന്നത് . വെള്ളച്ചാട്ടത്തിന്റെ മുകളിലേക്ക് എത്തുന്ന സഞ്ചാരികൾക്ക് മുള കൊണ്ടുള്ള കൈ വഴികൾ വഴിയൊരുക്കുന്നു. കുത്തനെയുള്ള ഒരു ഇടുങ്ങിയ പാത വെള്ളച്ചാട്ടത്തിന്റെ അടിഭാഗത്തേക്കും നയിക്കുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലത്താണ് ഇവിടെ മഴപെയ്യുന്നത്. വർഷം തോറും എഴുപത് ലക്ഷം സഞ്ചാരികൾ ഈ വെള്ളച്ചാട്ടവും വാഴച്ചാൽ വെള്ളച്ചാട്ടവും സന്ദർശിക്കുന്നു.അതി മനോഹരമായ കാഴ്ചകളിൽ ഒന്നുതന്നെയാണ് ആതിരപ്പള്ളി വെള്ളച്ചാട്ടം. ഒരു പ്രവാസിയായ ഞാൻ ഈകാഴ്ച്ചകൾ കണ്ടപ്പോൾ എന്റ്റെ കണ്ണിനെപ്പോലും വിശ്വസിക്കാൻ ആവാത്ത ഒരുകാഴ്ച തന്നെയാണ്.ഒരിക്കലും മറക്കാൻ ആവാത്ത ആകാഴ്ചകൾ.വൈകിട്ട് 5 :30 പി.എം വരെ ആണ് ടിക്കറ്റ് കൗണ്ടർ. 6 : 30 പി.എം ആകുമ്പോൾ തിരിച്ചുഇറങ്ങണം.അവിടെ ഒത്തിരി കുരങ്ങുകളെ കാണാൻ പറ്റുംഅവറ്റകൾ ചിലപ്പോൾ നമ്മുടെ ബാഗുകൾ ഒക്കെ ആക്രമിക്കാൻ ചാൻസുണ്ട് കാരണം അവർക്കു

വിശപ്പുള്ളതുകൊണ്ടു നമ്മുടെ ബാഗിൽ എന്തേലും തിന്നാൻ കാണുമെന്നു കരുതി ആണ് അവ നമ്മുടെ അടുത്ത് വരുന്നത്.പിന്നെ ഉള്ളിലേക്ക് കടന്നു ചെല്ലുമ്പോൾ കാണാൻ കഴിയുന്നത് മുളകൾ കൊണ്ട് തീർത്ത കൈ വരികൾ കാണാം ... അതിനുഅപ്പുറം ഇറങ്ങേരുതെന്നു മുന്നറിപ്പുണ്ട്.മലയുടെ മുകളിൽനിന്നു ഒഴുകി വരുന്ന വെള്ളച്ചാലുകൾ കൂടി ഉയരത്തിൽ നിന്നും താഴേക്ക് പതിക്കിക്കുന്ന ഒരു അത്ഭുത പ്രതിഭാസം ആണ് കഴിയുമെങ്കിൽ നിങ്ങൾ കുടുംബമായി ഇവിടം സന്ദർശിക്കുക.

# വനദിനാചരണങ്ങൾ

## വനങ്ങളും ദേശീയോദ്യോനങ്ങളുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ

| | | |
|---|---|---|
| ഫെബ്രുവരി 02 | - | ലോക തണ്ണീർത്തടദിനം |
| മാർച്ച് 03 | - | ലോക വന്യജീവിദിനം |
| മാർച്ച് 21 | - | ലോക വനദിനം |
| ഏപ്രിൽ 22 | - | ഭൗമദിനം |
| മേയിലെ മൂന്നാം വെള്ളി | - | വംശനാശഭീഷണി നേരിടുന്ന ജീവീകൾക്കായുള്ള ദിനം |
| മേയ് 22 | - | ലോക ജൈവവൈവിധ്യ ദിനം |
| ജൂൺ 5 | - | ലോക പരിസ്ഥിതി ദിനം |
| ജൂലൈ28 | - | പ്രകൃതിസംരക്ഷണ ദിനം |
| സെപ്റ്റംബർ 11 | - | ദേശീയവനരക്തസാക്ഷി ദിനം |
| സെപ്റ്റംബർ 16 | - | ലോക ഓസോൺ ദിനം |
| സെപ്റ്റബർ 18 | - | ലോക മുള ദിനം |
| സെപ്റ്റബർ 28 | - | ഗ്രിൻ കൺസ്യൂമർ ദിനം |

ഒക്ടോബറിലെ ആദ്യ തിങ്കൾ - ലോക ആവാസവ്യവസ്ഥാ ദിനം

ഒക്ടോബർ 01-08 - ലോക വന്യജീവി വാരം

ഒക്ടോബർ 04 - ലോക വന്യജീവിക്ഷേമ ദിനം

# റിപ്പബ്ലിക് ദിനം

1947 ഓഗസ്റ്റ് 15 ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചെങ്കിലും ഇന്ത്യയുടെ പരമോന്നത ഭരണ ഘടന നിലവിൽ വന്നത് 1950 ജനവരി 26 നാണ്. 1947 മുതൽ 1950 വരെയുള്ള കൈമാറ്റ കാലയളവിൽ ജോർജ്ജ് നാലാമനായിരുന്നു ഇന്ത്യയുടെ ഭരണ തലവൻ. ആ കാലഘട്ടത്തിലെ ഗവർണർ ജനറൽ സി. രാ ജഗോപാലാചാരി ആയിരുന്നു. 1950 ജനവരി 26 ന് ഡോ. രാജേന്ദ്രപ്രസാദ് ഇന്ത്യയുടെ ആദ്യത്തെ രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടു. ഈ ദിവസത്തിന്റെ പ്രാധാന്യം നിലനിർത്താൻ എല്ലാ വർഷവും ഇന്ത്യയുടെ തലസ്ഥാനമായ ന്യൂ ഡെൽഹിയിൽ വൻ സൈനിക പരേഡുകളും സാംസ്കാരിക പരിപാടികളും നടത്തപ്പെടുന്നു. സൈനിക പരേഡ് രാഷ്ട്രപതി ഭവനിൽ തുടങ്ങി രാജ്പഥിൽ കൂടി ചരിത്ര പ്രസിദ്ധമായ ചെങ്കോട്ടയിൽ ചെന്ന് ചേർന്ന് അവസാനിക്കുന്നു. ഇന്ത്യയുടെ മൂന്ന് സേനകളായ കരസേന, നാവികസേന, വ്യോമസേന എന്നിവരുടെ സൈനികർ അവരുടെ മുഴുവൻ ഔദ്യോഗിക വേഷത്തിൽ ഈ ദിവസം പരേഡ് നടത്തുന്നു. ഇന്ത്യൻ സൈന്യത്തിന്റെ പരമോന്നത നേതാവായ രാഷ്ട്രപതി ഈ സമയം ഇതിന്റെ സല്യൂട് സ്വീകരിക്കുന്നു. ഇതു കൂടാതെ ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യം കാണിക്കുന്ന ഒരു പാട് കാഴ്ചകളും ഈ പരേഡിൽ പ്രദർശിപ്പിക്കപ്പെടുന്നു.

# പൗരത്വ ഭേദഗതി ആക്റ്റ്, 2019

പാകിസ്താൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ ഇന്ത്യയുടെ അയൽ രാജ്യങ്ങളിൽ നിന്നുള്ള അവിടങ്ങളിലെ മതന്യൂനപക്ഷങ്ങളായ ഹിന്ദുക്കൾ,

സിഖുകാർ, ബുദ്ധമതക്കാർ, ജൈനന്മാർ, പാർസികൾ, ക്രിസ്ത്യാനികൾ എന്നിവരടങ്ങുന്ന അനധികൃത കുടിയേറ്റക്കാർക്ക് ഇന്ത്യൻ പൗരത്വം നേടുന്നത് എളുപ്പമാക്കുന്നതിന് 1955 ലെ പൗരത്വ നിയമം ഭേദഗതി ചെയ്യുന്ന ഇന്ത്യൻ പാർലമെന്റിന്റെ ഒരു നിയമമാണ് **പൗരത്വ (ഭേദഗതി) നിയമം** 2014 ഡിസംബർ 31-ലോ അതിനുമുമ്പോ ഇന്ത്യയിൽ പ്രവേശിച്ച ബംഗ്ലാദേശ് പാകിസ്താൻ അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽനിന്നുള്ള ന്യൂനപക്ഷ വിഭാഗങ്ങളെ അനധികൃത കുടിയേറ്റക്കാർ ആയി കരുതുന്നതിൽനിന്നും ഈ നിയമം ഒഴിവാക്കുന്നു. അവർ ഇന്ത്യൻ പൗരത്വത്തിനായി ഇന്ത്യയിൽ താമസിക്കേണ്ടതിന്റെ കുറഞ്ഞ കാലാവധി 11 വർഷം എന്നതിൽനിന്നും 5 വർഷം ആയി കുറയ്ക്കാൻ ഈ നിയമം അനുവദിക്കുന്നു.അത്തരം യോഗ്യതകളിൽ നിന്ന് അതാതു രാജ്യങ്ങളിലെ ഭൂരിപക്ഷമായ മുസ്ലീങ്ങളെ ഈ നിയമം ഒഴിവാക്കുന്നു. ബില്ലിന്റെ ഉടനടി ഗുണഭോക്താക്കൾ, ഐബി രേഖകൾ പ്രകാരം, വെറും 30,000 ആളുകളാണ്. ഇതാദ്യമായാണ് ഇന്ത്യയിൽ പൗരത്വത്തിന്റെ വ്യവസ്ഥകളിൽ മതപരിഗണന ഉൾപ്പെടുത്തപ്പെടുന്നത്**പൗരത്വ (ഭേദഗതി) ബിൽ 2019** കേന്ദ്ര മന്ത്രിസഭ **2019** ഡിസംബർ 4 ന് അംഗീകരിച്ചു. ഇത് 2019 ഡിസംബർ 10 ന് ലോക്സഭയും പിന്നീട് 2019 ഡിസംബർ 11 ന് രാജ്യസഭയിലും പാസാക്കി.ഇതിന് 2019 ഡിസംബർ 12 ന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും ഒരു നിയമത്തിന്റെ പദവി ലഭിക്കുകയും ചെയ്തു. ഈ നിയമം 2020 ജനുവരി 10 മുതൽ പ്രാബല്യത്തിൽ വന്നു.

# കഥകളും കവിതകളും

## കുട്ടിയും തള്ളയും

ഈ വല്ലിയിൽ നിന്നു ചെമ്മേ — പൂക്കൾ
പോവുന്നിതാ പറന്നമ്മേ!

തെറ്റീ! നിനക്കുണ്ണി ചൊല്ലാം — നൽപ്പൂ –
മ്പാറ്റകളല്ലേയിതെല്ലാം.
മേൽക്കുമേലിങ്ങിവ പൊങ്ങീ — വിണ്ണിൽ
നോക്കമ്മേ, എന്തൊരു ഭംഗി!
അയ്യോ! പോയ്ക്കൂടി കളിപ്പാൻ — അമ്മേ!
വയ്യേയെനിക്കു പറപ്പാൻ!
ആകാത്തതിങ്ങനെ എണ്ണീ — ചുമ്മാ
മാഴ്കൊല്ലാ എന്നോമലുണ്ണീ!
പിച്ചനടന്നു കളിപ്പൂ — നീ ഈ –
പിച്ചകമുണ്ടോ നടപ്പൂ?
അമ്മട്ടിലായതെന്തെന്നാൽ? ഞാനൊ-
രുമ്മതരാം അമ്മ ചൊന്നാൽ...
നാമിങ്ങറിയുവതല്പം — എല്ലാ –
മോമനേ, ദേവസങ്കല്പം...

-കുമാരനാശാൻ

## പണ്ടത്തെപ്പാട്ടുകൾ

(വള്ളത്തോൾ)

നമ്മുടെ മാതാവു-കൈരളി-പണ്ടൊരു

പൊന്മണിപ്പൈതലായ് വാണ കാലം-

യാതൊരു ചിന്തയുമില്ലാതെ കേവലം

ചേതസി തോന്നിയ മാതിരിയിൽ,

ഏടലർച്ചെങ്കൽച്ചിലങ്ക് കിലുങ്ങുമാ-

റോടിക്കളിച്ചു രസിച്ച കാലം-

പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ

വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ

പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ

പാൽക്കുമ്പല്ലോ ചെകിട്ടിനെല്ലാം.

## തണൽ

എങ്ങനാണെന്നെനിക്കി-

മ്മട്ടിലും

സന്തോഷമേകുവാനാ-

ശ്രുവരും

എന്ത്രുവരും ,ഇനി -

വന്നെത്തുമോ ,വന്നാലു-

മിനി തണലേകുമോ

സഹനങ്ങളെല്ലാം മറന്നീ ടുവാൻ

വഴിതേടിയലയുന്ന

ആത്മാക്കളെ

ഒന്നിണക്കീടുവാൻ സാധിക്കുമോ

അതിനവ ളുനിയുമോ

ഒരു സംശയം.

WRITTEN BY
ARDHRA MARIA

# വെളിപാട്

പ്രായത്തിൽ കവിഞ്ഞ നര, കണ്ണുകൾ മാത്രം ദൃശ്യമാവുന്ന തരത്തിൽ നിറഞ്ഞ താടി, ശോഷിച്ച ശരീരം........

മുഷിഞ്ഞ വസ്ത്രങ്ങൾ, നിസ്സംഗ ഭാവം, അസ്വസ്ഥമായ ചലനങ്ങൾ........കണ്ണുകൾക്ക് അസാമാന്യ തീക്ഷ്ണത......

ഇയാൾ ആരാണ്?

എവിടേയോ പരിചയമുള്ള മുഖം. ഓര്മ വരുന്നില്ല.

ഒന്നുറപ്പാ. അയാൾക്കെന്തോ തകരാറുണ്ട് , തലയ്ക്ക് .

എവിടെയെല്ലാമോ അയാളെ ഞാൻ കണ്ടതായി ഓർക്കുന്നു.

കടത്തിണ്ണയിൽ....ബാർ പരിസരങ്ങളിൽ...ആൾക്കൂട്ടത്തിൽ ......എവിടെയെല്ലാമോ...

കാണുമ്പോഴെല്ലാം അയാൾക്കെന്തോ എന്നോട് പറയാനുള്ളപോലെ ഒരു തോന്നൽ. ഞാൻ മനപ്പൂർവ്വം

ഒഴിഞ്ഞു മാറും. എന്നെ ഭയപ്പെടുത്തുന്ന എന്തോ ഒന്ന് അയാളിലുണ്ട് .

ഇതിപ്പോ പറയാൻ കാരണം ഇന്നലെ ഞാനയാളുടെ മുൻപിൽ അകപ്പെട്ടു. ഒഴിഞ്ഞു മാറാൻ കഴിഞ്ഞില്ല.

വായനശാലയിൽ പോയി മടങ്ങി വരുന്നവഴി ഒരു സിഗരറ്റ് വാങ്ങാൻ കടയിൽ കയറിയതാണ് . സിഗരറ്റ്

കത്തിച്ചു തിരിഞ്ഞതും, അയാൾ തൊട്ടു മുൻപിൽ. ജ്വലിക്കുന്ന കണ്ണുകൾ ഇമചിമ്മാതെ എന്നെ ഭയപ്പെടുത്തി.

വിയർപ്പിന്റെ, മുഷിഞ്ഞ വസ്ത്രത്തിന്റെ മടുപ്പിക്കുന്ന ഗന്ധം എന്നെ ശ്വാസം മുട്ടിച്ചു. എനിയ്ക്കു അനങ്ങാൻ കഴിഞ്ഞില്ല.

എന്റെ ചുണ്ടിൽ നിന്നും മെലിഞ്ഞു നീണ്ട വിരലുകൾ കൊണ്ട് അയാൾ സിഗരെറ്റെടുത്ത് അൽപ്പം

പിന്നിലേക്ക് മാറി നിന്ന് എന്നെ നിരീക്ഷിക്കാൻ തുടങ്ങി.

എന്തുചെയ്യണമെന്നറിയാതെ ഞാൻ പകച്ചു നിൽപ്പാണ്. സ്വതവേ എനിയ്ക്കു ഭ്രാന്തുള്ളവരെ പേടിയാണ് .

നിന്നനില്പിൽ ഞാൻ വിയർത്തു കുളിച്ചു. കയ്യിലുള്ള പുസ്തകം താഴെ വീഴുമെന്നായി. സിഗരറ്റിൽ നിന്നും ഒരു

കവിൾ പുക പോലും എടുക്കാൻ എനിക്ക് കഴിഞ്ഞില്ല. ഒന്ന് വലിച്ചിരുന്നെങ്കിൽ ഒരു സ്വസ്ഥത കിട്ടിയേനെ.

ഇപ്പോൾ അയാളുടെ നോട്ടം കയ്യിലിരിക്കുന്ന പുസ്തകത്തിലാണ്.

''തത്ത്വമസി" .........അയാൾ പറഞ്ഞു.

പുസ്തകത്തിന്റെ ടൈറ്റിൽ പുറത്തു കാണാൻ പാകത്തിനല്ല ഞാൻ പിടിച്ചിട്ടുള്ളത്. എന്നിട്ടും അയാൾ

എങ്ങനെ.....

"ഞാൻ" ആരെന്ന അന്വേഷണത്തിലാവും.....' അയാൾ വികൃതമായി ചിരിച്ചുകൊണ്ട് തുടർന്നു,'ഞാൻ അർത്ഥമാക്കിയത് , "താൻ" എന്ന "ഞാൻ". അതാണല്ലോ ഈ കിത്താബിലുള്ളത് . താനായാലും, ഞാനായാലും ഒക്കെ ഒന്നാണെടോ. തനിക്കു താനാരാണെന്നറിയാൻ പണ്ടെങ്ങോ ആരോ കോറി വരച്ചതിൽ

തപ്പിത്തടയണമെന്നാണെങ്കിൽ ....കഷ്ടം...കഷ്ടം'.

അയാൾ മടിയിൽ നിന്നും ഒരു കുപ്പി എടുത്തു കോർക്ക് ഊരി വായിലേക്ക് കമഴ്ത്തിഒരു കയ്യിൽ കുപ്പിയും മറു

കയ്യിൽ ഞാൻ കത്തിച്ച സിഗററ്റുമായി അയാൾ തുടർന്നു.

'മാറാല കെട്ടിയ ഈ തത്ത്വശാസ്ത്രങ്ങൾ ഇനിയും കെട്ടിപ്പിടിച്ചു നടക്കാനോ? മോക്ഷമാണ് നീ

ആഗ്രഹിക്കുന്നതെങ്കിൽ എന്നെ പിന്തുടരാം'.

കയ്യിലെ മദ്യക്കുപ്പി ഉയർത്തിപ്പിടിച്ച് അയാൾ ഉറക്കെ ചൊല്ലി-

'മൂകം കരോതി വാചാലം

പംഗും ലംഘയതെ ഗിരിം

യത്കൃപാ തമഹം വന്ദേ

പരമാനന്ദ ഗോൽകൊണ്ടം'

അപ്പോഴാണ് അയാളുടെ ബ്രാൻഡ് 'GOLCONDA' ആണെന്ന്

പിടികിട്ടിയത് .

മദ്യപിച്ച് വെളിവ് കെട്ടതാണോ? അതോ കൂടുതൽ വെളിവ് വന്നതോ? എന്ത് ഭ്രാന്താണെങ്കിലും

ഇങ്ങനെയൊക്കെ വിളമ്പാമോ? ....നാലും ഇത് മുഴുവൻ വിവരക്കേടായി

എനിയ്ക്ക് തോന്നിയില്ല. നമ്മുടെ

വിശ്വാസത്തിനെതിരാവുമ്പോൾ നമുക്ക് പിടിക്കില്ല, അത്രയേ ഉള്ളൂ.

വിവരം കൂടിയാലും അപകടാ...നമ്മൾ പറയുന്നത് മറ്റുള്ളവർക്ക്

മനസ്സിലാവണ്ടേ? അങ്ങിനെ വരുമ്പോൾ,

ഭ്രാന്തനെന്നോ, തലതെറിച്ചവനെന്നോ ഒക്കെ ആളുകൾ വിളിക്കും.

അതാണ് എനിക്കും പറ്റിയത് . വിവരവും ബുദ്ധിയും അൽപ്പം

കൂടിപ്പോയി. പല വഴിയും പോയിനോക്കി.

മണിച്ചിത്രത്താഴിലെ ഡോക്ടർ സണ്ണിയെപ്പോലെ ഇതുവരെ ആരും സഞ്ചരിക്കാത്ത വഴികളിലൂടെയെല്ലാം

ഞാൻ അലഞ്ഞു , ഒരു ഭ്രാന്തനെപ്പോലെ.

എന്തിനാ?

അൽപ്പം ബുദ്ധി കുറയ്ക്കാൻ.

ഒരു രക്ഷയുമില്ല. അങ്ങിനെയാണ് ഈ വൈദ്യരുടെ നിർദ്ദേശപ്രകാരം

ധാര തുടങ്ങിയത് . അല്ലാതെ നിങ്ങൾവിചാരിക്കുന്നപോലെ .........

# അപ്പൂപ്പനും അമ്മൂമ്മയും ചാമ്പങ്ങയും

ഒരിടത്തൊരിടത്ത്ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.
ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക്ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെകുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം."

ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കും."

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെകണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോപറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക്

മനസിലായി.ഒരിടത്തൊരിടത്ത്ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു.

അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.

ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക്ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെകുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം."

ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കും."

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെ

അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.

അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം.ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു.

അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന്ഉറങ്ങിപ്പോയി.ഉറങ്ങിമരത്തിൽ നിന്നു താഴേക്കുവീണു. രാത്രിയല്ലേ അമ്മുമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളൂ! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി.

അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദംകേട്ടപ്പോൾഅമ്മൂമ്മക്ക് തോന്നി.''ഇത്മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരംആണല്ലോ ?'' അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.
പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ

## ആട്ടിടയന്റെ വിദ്യ

പണ്ട് പണ്ട് റഷ്യയിൽ മിലോവ് എന്നൊരു യുവാവുണ്ടായിരുന്നു. ആടുകളെ മേയ്ക്കുന്ന ജോലിയായിരുന്നു മിലോവിന്.

മിലോവിന്റെ സമപ്രായക്കാരെല്ലാം സൈന്യത്തിൽ ചേരാൻ പോയിട്ടും മിലോവ് ആടുകൾക്കൊപ്പം കഴിഞ്ഞു. മിലോവിനെ മറ്റുള്ളവർ എപ്പോഴും കളിയാക്കും.പണ്ട് പണ്ട് റഷ്യയിൽ മിലോവ് എന്നൊരു യുവാവുണ്ടായിരുന്നു. ആടുകളെ മേയ്ക്കുന്ന ജോലിയായിരുന്നു മിലോവിന്."നല്ല തടിമിടുക്കുണ്ടല്ലോ. നാടിന് ഉപകാരമുള്ള വല്ല കാര്യത്തിനും പൊയ്ക്കൂടേ? പേടിത്തൊണ്ടൻ ..... ആടുകളെ മേച്ചു നടക്കുന്നു!."

കളിയാക്കൽ കേട്ടാലും മിലോവ് ഒന്നും മിണ്ടില്ല. അവൻ ഉണ്ണുന്നതും ഉറങ്ങുന്നതുമൊക്കെ ആട്ടുകൾക്കൊപ്പമാണ്. ചിലപ്പോൾ മിലോവ് ആട്ടുകളോട് സംസാരിക്കുക പോലും ചെയ്യും! മിലോവ് ഒന്ന് തലയാട്ടിയാൽപ്പോലും അതെന്തിനുവേണ്ടിയാണെന്ന് ആട്ടുകൾക്ക് മനസ്സിലാകും . അത്ര ഇണക്കമാണ് മിലോവിനോട്.

നാളുകൾ കടന്നുപോയി. ഒരു രാത്രി മിലോവിന്റെ നാട്ടിൽ കൊള്ളക്കാരെത്തി. കരുത്തുള്ള യുവാക്കളെല്ലാം സൈന്യത്തിലായതു കാരണം മറ്റുള്ളവരെ കൊള്ളക്കാർ എളുപ്പത്തിൽ കീഴടക്കി. അക്കൂട്ടത്തിൽ മിലോവുമുണ്ടായിരുന്നു.കണ്ണിൽ കണ്ടതെല്ലാം കൊള്ളക്കാർ കവർച്ച ചെയ്തു. കൂട്ട തുറന്ന് ആട്ടുകളെയും കൊള്ളക്കാർ തെളിച്ചു നടത്തി.

പിടികൂടിയവരെയും കൊണ്ട് കൊള്ളക്കാർ മല കയറാൻ തുടങ്ങി. ഒപ്പം ആട്ടുകളുമുണ്ട്. ചെങ്കുത്തായ മലയുടെ ഒരു വശത്തുടെ വരിവരിയായി പോകുകയായാണവർ.പെട്ടെന്ന് മിലോവ് ഒരു പ്രത്യേകതരം ശബ്ദമുണ്ടാക്കി.അടുത്ത നിമിഷം ആട്ടിൻകൂട്ടത്തിലെ മുട്ടനാടുകൾ മുപണ്ട് പണ്ട് റഷ്യയിൽ മിലോവ് എന്നൊരു യുവാവുണ്ടായിരുന്നു. ആട്ടുകളെ മേയ്ക്കുന്ന ജോലിയായിരുന്നു മിലോവിന്.

മിലോവിന്റെ സമപ്രായക്കാരെല്ലാം സൈന്യത്തിൽ ചേരാൻ പോയിട്ടും മിലോവ് ആട്ടുകൾക്കൊപ്പം കഴിഞ്ഞു. മിലോവിനെ മറ്റുള്ളവർ എപ്പോഴും കളിയാക്കും.പണ്ട് പണ്ട് റഷ്യയിൽ മിലോവ് എന്നൊരു യുവാവുണ്ടായിരുന്നു. ആട്ടുകളെ മേയ്ക്കുന്ന ജോലിയായിരുന്നു മിലോവിന്.

"നല്ല തടിമിടുക്കുണ്ടല്ലോ. നാടിന് ഉപകാരമുള്ള വല്ല കാര്യത്തിനും പൊയ്ക്കൂടേ? പേടിത്തൊണ്ടൻ ..... ആട്ടുകളെ മേച്ചു നടക്കുന്നു!."

കളിയാക്കൽ കേട്ടാലും മിലോവ് ഒന്നും മിണ്ടില്ല. അവൻ ഉണ്ണുന്നതും ഉറങ്ങുന്നതുമൊക്കെ ആടുകൾക്കൊപ്പമാണ്. ചിലപ്പോൾ മിലോവ് ആടുകളോട് സംസാരിക്കുക പോലും ചെയ്യും! മിലോവ് ഒന്ന് തലയാട്ടിയാൽപ്പോലും അതെന്തിനുവേണ്ടിയാണെന്ന് ആടുകൾക്ക് മനസ്സിലാകും . അത്ര ഇണക്കമാണ് മിലോവിനോട്.

നാളുകൾ കടന്നുപോയി. ഒരു രാത്രി മിലോവിന്റെ നാട്ടിൽ കൊള്ളക്കാരെത്തി. കരുത്തുള്ള യുവാക്കളെല്ലാം സൈന്യത്തിലായതു കാരണം മറ്റുള്ളവരെ കൊള്ളക്കാർ എളുപ്പത്തിൽ കീഴടക്കി. അക്കൂട്ടത്തിൽ മിലോവുമുണ്ടായിരുന്നു. കണ്ണിൽ കണ്ടതെല്ലാം കൊള്ളക്കാർ കവർച്ച ചെയ്തു. കൂട്ടു തുറന്ന് ആടുകളെയും കൊള്ളക്കാർ തെളിച്ചു നടത്തി. ന്നോട്ടു കുതിച്ച് കൊള്ളക്കാരെ ഒറ്റയിടി! വിചാരിച്ചിരിക്കാതെ ഇടികൊണ്ട കൊള്ളക്കാർ മലയിൽ നിന്ന് താഴേക്ക് വീണു. ബാക്കിയുള്ളവരെ മിലോവും സംഘവും എളുപ്പത്തിൽ കീഴടക്കി.

"ആടുകളെ മേച്ചു നടന്നാലും നാടിന് ഉപകാരം ചെയ്യാമെന്ന് മനസിലായില്ലേ?" തിരികെ മലയിറങ്ങുമ്പോൾ മിലോവ് ചോദിച്ചു പിടികൂടിയവരെയും കൊണ്ട് കൊള്ളക്കാർ മല കയറാൻ തുടങ്ങി. ഒപ്പം ആടുകളുമുണ്ട്. ചെങ്കുത്തായ മലയുടെ ഒരു വശത്തൂടെ വരിവരിയായി പോകുകയായാണവർ.

പെട്ടെന്ന് മിലോവ് ഒരു പ്രത്യേകതരം ശബ്ദമുണ്ടാക്കി.അടുത്ത നിമിഷം ആട്ടിൻകൂട്ടത്തിലെ മുട്ടനാടുകൾ മുന്നോട്ടു കുതിച്ച് കൊള്ളക്കാരെ ഒറ്റയിടി!

വിചാരിച്ചിരിക്കാതെ ഇടികൊണ്ട കൊള്ളക്കാർ മലയിൽ നിന്ന് താഴേക്ക് വീണു. ബാക്കിയുള്ളവരെ മിലോവും സംഘവും എളുപ്പത്തിത് കേട്ട് മറ്റുള്ളവർ ഒന്നും മിണ്ടിയില്ല.

# മാർഗ്ഗദീപം

അച്ഛനും മകളും പട്ടം പറത്തുന്നതിനിടയിൽ അച്ഛൻ മകളോട് ചോദിച്ചു'

"മോളേ ഒരു ചോദ്യം ഇതിന്റെ ശരിയായ ഉത്തരം നീ പറയണം'

പട്ടം പറത്തുമ്പോൾ നൂലിന്റെ ജോലി എന്താണ്....?"

"നൂലാണ് അച്ഛാ ആ പട്ടത്തിനെ പറക്കാൻ അനുവദിക്കാതെ വലിച്ച് പിടിച്ചിരിക്കുന്നത്.."

മകൾ പെട്ടെന്ന് തന്നെ ഉത്തരം പറഞ്ഞു.

അച്ഛൻ: "അല്ല മോളേ നൂലാണ് ആ പട്ടത്തിന് ലക്ഷ്യം തെറ്റാതെ പറക്കാൻ അവസരം ഒരുക്കി കൊടുക്കുന്നത്.."

മകൾ ഇത് കേട്ട് പരിഹാസ രൂപേണ ചിരിച്ചു.

അത് കണ്ട അച്ഛൻ ഒരു കത്രിക കൊണ്ട് ആ നൂല് കട്ട് ചെയ്തു. നിയന്ത്രണം വിട്ട ഉടനെ ആ പട്ടം ലക്ഷ്യമില്ലാതെ കുറച്ച് പറന്ന് കുത്തനെ മറിഞ്ഞ് മറിഞ്ഞ് കീറി പറിഞ്ഞ് തഴേക്ക് പതിച്ചു.

ഇത് നോക്കി നിന്ന മകളോട് അച്ഛൻ'

"മോളേ ഇതാണ് സത്യാവസ്ഥ...,

നൂല് പട്ടത്തെ പറക്കാൻ അനുവദിക്കാതെ വലിച്ച് പിടിച്ചിരിക്കുന്നതായി നിനക്ക് തോന്നി. നൂലിന്റെ നിയന്ത്രണം വിട്ടാൽ പട്ടം സ്വതന്ത്രമാകും എന്നും നീ വിശ്വസിച്ചു.. എന്നാൽ ആ സ്വാതന്ത്ര്യം എത്ര താൽകാലികമാണെന്ന് നിനക്ക് മനസ്സിലായില്ലേ....? നീ എന്ന പട്ടത്തിനെ നിയന്ത്രിക്കുന്ന നൂലാണ് ഈ അച്ഛൻ, എന്റെ നിയന്ത്രണത്തിൽ നിനക്ക് എത്ര ഉയരത്തിലും പറക്കാം. സ്വതന്ത്രയായി പറക്കാമെന്ന വ്യാമോഹത്തിൽ എന്നെ നീ അറുത്ത് വിടല്ലേ...."

( ഈ കാലഘട്ടത്തിൽ വളർന്നു വരുന്ന എല്ലാ കുട്ടികളും അറിയേണ്ടതിലേക്ക്...)

## ഒരു യഥാർത്ഥ പ്രവചനം

ഇതു വളരെ പഴക്കമുള്ള ഒരു കഥയാ....
അമേരിക്കയിലെ ഒരു മഴക്കാലത്തു,ഒളിഞ്ഞ കാട്ടിനുള്ളില് ഒരാള് മാത്രം കണ്ട  സത്യം.
അന്ന് ഒരു ക്രിസ്തുമസ് ദിവസമായിരുന്നു.ആ നാട്ടില്
2-മാന്ത്രിക മനുഷ്യരുണ്ടായിരുന്നു.ഒരുത്തന് വളരെ പൊക്കവും,രണ്ടു പേർ കുള്ളന്മാരുമായിരുന്നു.
രണ്ടുപേരും കണ്ടു മുട്ടിയത്
ഒരു കടയില് വ്ച്ചായിരുന്നു.
ഒരു കുള്ളനും മറ്റേ പൊക്ക-
മുള്ളവനും കണ്ടാല് ഒരുപോലെ തന്നെയായിരുന്നു.
ഇവർ രണ്ടുപേരും ഇക്കാര്യം
അറിയുന്നതുതന്നെ രണ്ടാഴ്ച
കഴിഞ്ഞിട്ടാണ്.

സാമ്യമുള്ളവർ ചതിക്കിലെ-
ന്നാണ് അവരുടെ തോന്നല്.
അതുകൊണ്ട് കുള്ള്ന് ആരോടും
പറയാത്തൊരു സത്യം ഇയാളോട്ടു
പറഞ്ഞു.അതെന്താണെന്നറിയണ്ടേ......
ആ കുള്ളന് ഒരു കുറ്റിക്കാട്ടിലേ-ക്ക് നടന്ന്,കുറെ ദൂരം
സഞ്ചരിച്ച്,അവസാനം ഒഴിഞ്ഞു-
കിടക്കുന്ന ഒരു വലിയ ശവപ്പെട്ടിയാണ് കാണിച്ചുതന്നത്..
കുള്ളന് ചെറുതായതിനാല് ആ
പെട്ടി ഒന്നു തുറക്കാന് സാധി-
ച്ചിട്ടില.ഒരു മന്ത്രം പറയണം.
എന്നിട്ട് താക്കോലും വച്ച് തുറ-
ന്നിട്ട് മാറി നിന്നേക്കണം.....
അതിനുള്ളിലെ ആത്മാവ് പറന്ന്
ദേഹത്ത് കയറും.വലിയയാള്
മന്ത്രം പറഞ്ഞ്,കതകും തുറന്നു.
മാറി നിന്നില.....ആത്മാവ് ദേഹ-
ത്ത് കയറി,പക്ഷേ അയാള്ക്ക്
ഒന്നും സംഭവിച്ചില....
ആ വലിയ മനുഷ്യനാണ് മരിച്ചു പോയ ആളെന്നറിയാതെ
കുള്ളന് ഓടിപ്പോയി...... BY

ARDHRA

************